ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 18.03.2026**

## പ്രധാനവാർത്തകൾ

1. **സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. നിയമസഭ തിരഞ്ഞെടുപ്പിനുള്ള ആദ്യഘട്ട സ്ഥാനാർഥി പട്ടിക പുറത്തിറക്കി രാഷ്ട്രീയ പാർട്ടികൾ.**

2. **നിയസഭാ തിരഞ്ഞെടുപ്പിലേക്കുള്ള ആർജെഡി സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. വടകരയിൽ UDF സ്ഥാനാർഥിയായി കെ കെ രമ വീണ്ടും ജനവിധി തേടുമെന്ന് RMP.**

3. **കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച പൊതു നിരീക്ഷകർ ഇന്ന് സംസ്ഥാനത്തെത്തും. കേരളത്തിലേക്ക് വിന്യസിച്ചത് 51 പൊതു നിരീക്ഷകരെ.**

4. **പശ്ചിമേഷ്യയിലെ നിലവിലെ സ്ഥിതിഗതികളും ഹോർമുസ് കടലിടുക്കിലെ സുരക്ഷയും സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ചർച്ച നടത്തി.**

5. **സംസ്ഥാനത്ത് വേനൽചൂട് കനക്കുന്നു. അൾട്രാവയലറ്റ് സൂചിക ഉയർന്ന പശ്ചാത്തലത്തിൽ നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**

RNU TVPM

6. 2026 F I H ലോകകപ്പ് ഹോക്കി മത്സരങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**തിരഞ്ഞെടുപ്പ് (ഇൻട്രോ)**

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു. പ്രമുഖ രാഷ്ട്രീയ പാർട്ടികൾ ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കിയതോടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി.

*വിശദാംശങ്ങളിലേക്ക്..........*
*(ഹോൾഡ് വോയ്സ്)*

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**തിരഞ്ഞെടുപ്പ് (വോയിസ്)**

ഈ മാസം 23 വരെയാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി. 24 നാണ് പത്രികകളുടെ സൂക്ഷ്മ പരിശോധന. 26 വരെ പത്രിക പിൻവലിക്കാം. ഏപ്രിൽ ഒൻപതിനാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന് നടക്കും. സ്ഥാനാർത്ഥി പ്രഖ്യാപനം പൂർത്തിയായ മണ്ഡലങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ പ്രചാരണം സജീവമാക്കിയിട്ടുണ്ട്. 55 സ്ഥാനാർഥികളുമായി

കോൺഗ്രസ് ആദ്യഘട്ട സ്ഥാനാർഥി പട്ടിക ഇന്നലെ പുറത്തിറക്കി. പാലക്കാട്, തൃപ്പൂണിത്തുറ മണഡലങ്ങളിലൊഴികെ സിറ്റിങ് എംഎൽമാർ മത്സരരംഗത്തുണ്ട്. മുസ്‌ലിം ലീഗിൻറെ സ്ഥാനാർഥിപ്പട്ടികയും ഇന്നലെ പ്രഖ്യാപിച്ചു. 25 സ്ഥാനാർത്ഥികളുടെ പട്ടികയാണ് പ്രഖ്യാപിച്ചത്. കേരള കോൺഗ്രസ്സും എട്ട് പേരുടെ സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി. എൻഡിഎ ഘടക കക്ഷിയായ ട്വൻറി-20യും തൃപ്പൂണിത്തുറ, ഏറ്റുമാനൂർ തുടങ്ങി വിവിധ മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. സിപിഐഎം 81 പേരുടെയും, സിപിഐ 25 പേരുടെയും ബിജെപി 47 സ്ഥാനാർത്ഥികളുടെയും പട്ടിക കഴിഞ്ഞ ദിവസങ്ങളിൽ പുറത്തിറക്കിയിരുന്നു. എൻസിപി, ബിഡിജെഎസ് ഉൾപ്പെടെയുള്ള രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു.

*ന്യൂസ് ഡെസ്ക് ആകാശവാണി*

RNU TVPM

## ആർജെഡി സ്ഥാനാർത്ഥി പ്രഖ്യാപനം

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള ആർജെഡി സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. ആർജെഡി സംസ്ഥാന

അധ്യക്ഷൻ എം.വി.ശ്രേയാംസ് കുമാറാണ് സ്ഥാനാർഥി പ്രഖ്യാപനം നടത്തിയത്. കൽപ്പറ്റയിൽ പി കെ അനിൽകുമാർ, വടകരയിൽ എം കെ ഭാസ്കരൻ, കൂത്തുപറമ്പിൽ പി കെ പ്രവീൺ എന്നിവർ മത്സരിക്കും. സലീം മടവൂർ കൊടുവള്ളിയിൽ എൽഡിഫ് സ്വതന്ത്രനാകുമെന്നും അന്തിമ തീരുമാനം എൽഡിഎഫ് എടുക്കും എന്നും അദ്ദേഹം വ്യക്തമാക്കി. വടകരയിൽ UDF സ്ഥാനാർഥിയായി കെ കെ രമ വീണ്ടും ജനവിധി തേടുമെന്ന് RMP സംസ്ഥാന സെക്രട്ടറി എൻ വേണു അറിയിച്ചു. കോവളം നിയോജക മണ്ഡലത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി ഭഗത് റൂഫസ് മത്സരിക്കുമെന്ന് സിപിഐഎം പത്രക്കുറിപ്പിൽ അറിയിച്ചു.

RNU TVPM

**കണ്ണൂർ - റോഡ് ഷോ**

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചരണം കണ്ണൂർ ജില്ലയിൽ സജീവമായി. എൽ.ഡി.എഫും യു.ഡി.എഫും എൻ.ഡി.എ.യും തെരഞ്ഞെടുപ്പ് കൺവെൻഷനുകൾക്ക് തുടക്കമിടുകയാണ്. ധർമ്മടം മണ്ഡലത്തിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥിയും

മുഖ്യമന്ത്രിയുമായ പിണറായി വിജയൻറെ തെരഞ്ഞെടുപ്പ് കൺവെൻഷൻ ഇന്ന് വൈകിട്ട് മമ്പറത്ത് നടക്കും. പേരാവൂർ മണ്ഡലത്തിലെ യു.ഡി.എഫ് സ്ഥാനാർത്ഥി സണ്ണി ജോസഫിന്റെ തെരഞ്ഞെടുപ്പ്

കൺവെൻഷനും റോഡ് ഷോയും നാളെ വൈകിട്ട് ഇരിട്ടിയിൽ നടത്തും.

കണ്ണൂർ നിയോജകമണ്ഡലത്തിലെ എൻ.ഡി.എ സ്ഥാനാർഥിയും ബി.ജെ.പി ദേശീയ സമിതി അംഗവുമായ സി. രഘുനാഥ് ഇന്നലെ റോഡ് ഷോ നടത്തി. അഴീക്കോട് മണ്ഡലത്തിൽ എൻ.ഡി.എ സ്ഥാനാർത്ഥിയായ ബിജെപി ജില്ലാ പ്രസിഡണ്ട് കെ. കെ .വിനോദ് കുമാർ ഇന്നലെ അഴീക്കോട് റോഡ് ഷോ നടത്തി. യു.ഡി.എഫ് സ്ഥാനാർഥി കരീം ചേലേരിയുടെ റോഡ് ഷോ ഇന്ന് നടക്കും. യു.ഡി.എഫ് അഴീക്കോട് മണ്ഡലം തെരഞ്ഞെടുപ്പ് കൺവെൻഷൻ ഇന്നുച്ചയ്ക്ക് ശേഷം വളപട്ടണം മന്നയിൽ നടക്കും.

RNUTVPM

**കേന്ദ്ര നിരീക്ഷകർ**

കേരളം, പുതുച്ചേരി, അസം, തമിഴ്നാട്, പശ്ചിമ ബംഗാൾ നിയമസഭ തിരഞ്ഞെടുപ്പിനും 6 സംസ്ഥാനങ്ങളിലെ ഉപതെരഞ്ഞെടുപ്പുകൾക്കുമായി 1,111 നിരീക്ഷകരെ വിന്യസിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. 557 പൊതു നിരീക്ഷകരേയും 188 പൊലീസ് ഒബ്സർവർമാരെയും 366 ചെലവു നിരീക്ഷകരെയുമാണ് നിയോഗിച്ചിട്ടുള്ളത്. കേരളത്തിൽ 51 പൊതു നിരീക്ഷകരേയും 17 പൊലീസ്

ഒബ്സർവർമാരെയും 40 ചെലവു നിരീക്ഷകരെയുമാണ് വിന്യസിച്ചത്. ചെലവു നിരീക്ഷകർ സംസ്ഥാനത്ത് ഇന്നലെ എത്തി. പൊതു നിരീക്ഷകർ ഇന്ന് എത്തും.

❁❁❁❁❁❁❁❁❁❁❁❁❁

**ചെലവ് നിരീക്ഷകർ**

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച മൂന്ന് ചെലവ് നിരീക്ഷകർ കണ്ണൂർ ജില്ലയിൽ ചുമതലയേറ്റു. റവന്യൂ സർവീസ് ഉദ്യോഗസ്ഥരായ ധീരജ്, ടി സ്വപ്ന , നിധി അഗർവാൾ എന്നിവരാണ് കണ്ണൂരിലെത്തിയത്. കണ്ണൂർ ഗവ. ഗസ്റ്റ് ഹൗസിൽ എത്തി ഇവർക്ക് പരാതികൾ നൽകാവുന്നതാണ്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**തെരഞ്ഞെടുപ്പ്-മുൻകൂർ അനുമതി(ഇൻട്രോ)**

തിരഞ്ഞെടുപ്പു പ്രചാരണവുമായി ബന്ധപ്പെട്ടു റോഡ് ഷോകൾ നടത്തുന്നവർ കർശനമായും മുൻകൂർ അനുമതി നേടിയിരിക്കണമെന്ന് അധികൃതർ അറിയിച്ചു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## വീട്ടിൽ വോട്ട്

നിയമസഭാ തിരഞ്ഞെടുപ്പിൽ വീട്ടിൽ വോട്ടു ചെയ്യുന്നവർ ഈ മാസം 20നകം അപേക്ഷ നൽകണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. കമ്മീഷന്റെ പോർട്ടലിൽ നിന്നു ഡൗൺലോഡ് ചെയ്തെടുത്ത ഫോം 12 D യിൽ ബൂത്ത് ലവൽ ഓഫിസർ മുഖേനയോ നേരിട്ട് റിട്ടേണിങ് ഓഫിസർക്കോ നൽകാം. 85 വയസ് പിന്നിട്ടവർക്കും 40 ശതമാനത്തിലേറെ ഭിന്ന ശേഷിയുള്ളവർക്കുമാണ് വീട്ടിൽ വോട്ടു ചെയ്യാനാവുക.

❁❁❁❁❁❁❁❁❁❁❁❁❁

## എസ്.ഐ.ആർ

RNU TVPM

സംസ്ഥാനത്ത് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ സാധിക്കാത്തവർക്ക് ഈ മാസം 23 വരെ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## വാർത്താക്കുറിപ്പ്

വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി ഉദ്യോഗസ്ഥർക്ക് നൽകി വരുന്ന പരിശീലനം സംബന്ധിച്ച് വ്യാപകമായി പ്രചരിക്കുന്ന വ്യാജ

ശബ്ദസന്ദേശത്തെക്കുറിച്ച് സൈബർ പോലീസിന് പരാതി നൽകിയതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

ഇത്തവണത്തെ തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് നേരിട്ടുള്ള പരിശീലന പരിപാടികൾ ഇല്ലെന്നും ഇത് സർക്കാറിന്റെ ചെലവ് ചുരുക്കലിന്റെ ഭാഗമാണെന്നുമാണ് ശബ്ദ സന്ദേശത്തിൽ പറയുന്നത്. തെരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് പരിശീലന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ വ്യക്തമാക്കി.

**പശ്ചിമേഷ്യ**

പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ഇന്നലെ ടെലഫോൺ സംഭാഷണം നടത്തി. പശ്ചിമേഷ്യയിലെ നിലവിലെ സ്ഥിതിഗതികളും ഹോർമുസ് കടലിടുക്കിലെ സുരക്ഷയും സംബന്ധിച്ച് ഇരു നേതാക്കളും ചർച്ച നടത്തി. അതേസമയം പശ്ചിമേഷ്യയിൽ സംഘർഷം അതിരൂക്ഷമായി തുടരുന്നു. ഇറാന്റെ ദേശീയ സുരക്ഷ മേധാവി അലി ലാരിജാനിയുൾപ്പെടെ രണ്ട് ഉന്നത സുരക്ഷാ ഉദ്യോഗസ്ഥർ ഇസ്രായേലിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ടതോടെയാണ് മേഖലയിൽ സംഘർഷം കനത്തത്.

PRU TVPM

## താപനില

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്ന് താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും എന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദേശം. അൾട്രാവയലറ്റ് സൂചിക ഉയർന്നതിന്റെ പശ്ചാത്തലത്തിൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കണ്ണൂർ, കാസർകോട് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. വരും മണിക്കൂറിൽ കേരളത്തിലെ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

## വേനൽ ചൂട് (ഇൻട്രോ)

ചുട്ടുപൊള്ളുന്ന വേനൽ ചൂടിൽ ഒരൽപം കുളിരേകി ഹൈറേഞ്ചിന്റെ പല മേഖലകളിലും വേനൽ മഴ പെയ്തു. മൂന്നാർ, ദേവികുളം മേഖലയിൽ മഴക്കൊപ്പം അതിശക്തമായി ആലിപ്പഴം പെയ്തത് ആളുകളിൽ വലിയ കൗതുകമായി.

***ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....***

***(വോയിസ്)***

## ഹോക്കി

2026 F I H ലോകകപ്പ് ഹോക്കി മത്സരങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചു. പൂൾ D യിലാണ് ഇന്ത്യയും പാക്കിസ്ഥാനും. നെതർലൻഡ്സിലെ ആംസ്റ്റർഡാമിലാണ് ഇരു ടീമുകളുടെയും മത്സരം. 2010 ൽ ന്യൂഡൽഹിയിലെ ലോകകപ്പിന് ശേഷം ഇതാദ്യമായാണ് ഇന്ത്യയും പാകിസ്താനും മത്സരത്തിൽ മുഖാമുഖം വരുന്നത്.

RIJU TVPM

## നിർദ്ദേശങ്ങൾ ഡിജിസിഎ

യാത്രാ സൗകര്യം, സുതാര്യത, വിമാനക്കമ്പനികൾക്കിടയിലെ പ്രവർത്തന ഏകീകരണം എന്നിവ വർദ്ധിപ്പിക്കുന്നതിനായി വ്യോമയാന മന്ത്രാലയം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. എല്ലാ വിമാനങ്ങളിലും സീറ്റ് സെലക്ഷൻ ചാർജില്ലാതെ കുറഞ്ഞത് 60% സീറ്റുകളെങ്കിലും ലഭ്യമാക്കണമെന്ന് മന്ത്രാലയം നിർദേശിച്ചു. ഒരേ പി.എൻ.ആറിൽ ടിക്കറ്റ് എടുത്തവർക്ക് ഒരുമിച്ച് അടുത്തടുത്ത സീറ്റുകൾ അനുവദിക്കണമെന്നും

നിർദ്ദേശമുണ്ട്. കായിക ഉപകരണങ്ങളും സംഗീതോപകരണങ്ങളും കൊണ്ടു പോകാനുള്ള നടപടിക്രമം സുഗമമാക്കണം. വളർത്തു മൃഗങ്ങളുമായി യാത്ര ചെയ്യുന്നവർക്കായി വിമാനക്കമ്പനികൾ വ്യക്തവും സുതാര്യവുമായ നയങ്ങൾ സ്വീകരിക്കണം. കൂടാതെ, വിമാനം വൈകുകയോ റദ്ദാക്കുകയോ ചെയ്യുമ്പോൾ യാത്രക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വിമാനത്താവളങ്ങളിലും വെബ്സൈറ്റുകളിലും വ്യക്തമായി പ്രദർശിപ്പിക്കണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

RNI TVPM